# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം.146128/AD A3-4/2024/AD A 3 10.01.2025

യാത്രാബത്ത പരിധിയിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടതോ / ഒറ്റത്തവണ ഒഴിവാക്കപ്പെട്ടതോ ആയ സർക്കാർ ജീവനക്കാർ സ്വന്തം വാഹനത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഏതെങ്കിലും സാഹചര്യത്തിൽ യാത്ര നടത്തുന്ന സന്ദർഭങ്ങളിൽ യാത്രാബത്ത ക്ലെയിം ചെയ്യുമ്പോൾ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന യാത്രാബത്ത പരിധിയിൽ പരിമിതപ്പെടുത്തികൊണ്ട് മാത്രമേ പ്രസ്തുത യാത്രകളുടെ യാത്രാബത്ത ക്ലെയിം അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യക്തത വരുത്തി സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 69/2024/ധന, തീയതി 06/12/2024, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിനോയ് എ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ 1(ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #1 of File 146128/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 10-Jan-2025 10:11 AM - Page 1

Draft #1 of File 146128/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 10-Jan-2025 10:11 AM - Page 2

"മലയാളം-മാതൃഭാഷ"

F.O./ADA3

12/12/2024

രജിസ്ട്രാർ

**കേരള സർക്കാർ**

**ധനകാര്യ (വ്യയം-സി) വകുപ്പ്**

## സർക്കുലർ

**നം.69/2024/ധന** **തിരുവനന്തപുരം, തീയതി: 06.12.2024**

**വിഷയം:-** ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തം വാഹനത്തിൽ നടത്തുന്ന യാത്രകളുടെ യാത്രാബത്ത പരിധിയുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം - സംബന്ധിച്ച്

**സൂചന:-** 1. സ.ഉ(പി) നം. 137/2016/ധന തീയതി 09/09/2016.
2. സ.ഉ(പി) നം. 150/2019/ധന തീയതി 05/11/2019.
3. സ.ഉ(പി) നം. 71/2021/ധന തീയതി 03/05/2021

സർക്കാർ ജീവനക്കാരുടെ ഔദ്യോഗിക യാത്രകൾക്ക് യാത്രാബത്ത അനുവദിക്കുന്നതിൽ പ്രതിമാസ/ത്രൈമാസ പരിധി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം യാത്രാബത്ത പരിധിയിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടതോ/ഒറ്റത്തവണ ഒഴിവാക്കപ്പെട്ടവരോ ആയ എല്ലാ ജീവനക്കാരും പ്രതിമാസ/ത്രൈമാസ യാത്രാബത്ത പരിധിക്ക് പുറത്ത് വരുന്ന ക്ലെയിമുകളിൽ യാത്രാബത്ത പരിധിയിൽ നിന്ന ഒഴിവാക്കുന്നതിനായി സമർപ്പിക്കുന്ന എല്ലാ യാത്രാബത്ത ക്ലെയിമുകളോടൊപ്പവും ഔദ്യോഗിക യാത്ര നടത്തിയതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനായി ട്രെയിൻ/വ്യോമ/ബസ് യാത്ര നടത്തിയതിന്റെ യഥാർത്ഥ യാത്രാ ടിക്കറ്റ് കൂടി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

യാത്രാബത്ത പരിധിയിൽ നിന്നും ഒഴിവാക്കുന്ന ക്ലെയിമുകളിൽ യാത്ര നടത്തിയതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിനായാണ് യാത്ര ടിക്കറ്റുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നത്. അതിനാൽ യാത്രാബത്ത പരിധിയിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടവർ/ഒറ്റത്തവണ ഒഴിവാക്കപ്പെട്ടവർ എന്നിവർ സ്വന്തം വാഹനത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഏതെങ്കിലും സാഹചര്യത്തിൽ യാത്ര നടത്തുന്ന സന്ദർഭങ്ങളിൽ യാത്രാബത്ത ക്ലെയിം ചെയ്യുമ്പോൾ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന യാത്രാബത്ത പരിധിയിൽ പരിമിതപ്പെടുത്തിക്കൊണ്ടു മാത്രമേ പ്രസ്തുത യാത്രകളുടെ യാത്രബത്ത ക്ലെയിം അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**ലത എസ്.**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് – I ) കേരള, തിരുവനന്തപുരം
3. എല്ലാ വകുപ്പുതലവന്മാർക്കും, ഓഫീസുകൾക്കും
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
9. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/ശ്രീ.ശങ്കരാചാര്യ/മഹാത്മാഗാന്ധി സർവകലാശാലകൾ.
10. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
12. ഗവർണ്ണറുടെ സെക്രട്ടറി
13. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
14. സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
15. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം.
16. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
18. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
19. സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ്
20. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
21. സെക്രട്ടറി, ഓംബുഡ്സ്മാൻ, തിരുവനന്തപുരം
22. നോഡൽ ഓഫീസർ www.finance.kerala.gov.in
23. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (E-2674086)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 146128/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 10-Jan-2025 10:11 AM - Page 3